മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 27

# വാർത്താക്കുറിപ്പ്

## എം.ജി. - പി.ജി. ഏകജാലക പ്രവേശനം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ / എയ്ഡഡ് / സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദാനന്തര - ബിരുദ പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു, പ്രവേശനത്തിനായി ഈ വർഷവും ഏകജാലക സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും അപേക്ഷയുടെ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയിതിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും അപേക്ഷയുടെ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകുകയും വേണം. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്തവരുടെ മാനേജ്മെന്റ്, കമ്മ്യൂണിറ്റി ക്വാട്ടകളിലേക്കുള്ള അപേക്ഷ പരിഗണിക്കില്ല.

ഭിന്നശേഷി/സ്പോർട്ട്സ്/ കോട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കും ഓൺലൈനായി അപേക്ഷിക്കണം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നതും രേഖകളുടെ പരിശോധന അതത് കോളജുകളിൽ ഓൺലൈൻ ആയി നടത്തുന്നതുമായിരിക്കും.

അപേക്ഷകർ സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതായുണ്ട്.

രജിസ്ട്രേഷൻ ഫീസ് എസ്.സി./എസ്.ടി. വിഭാഗത്തിന് 650രൂപയും മറ്റുള്ളവർക്ക് 1300 രൂപയുമായിരിക്കും.

ഓൺലൈൻ രജിസ്ട്രേഷനും വിശദ വിവരങ്ങൾക്കും cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

പി.ആർ.ഒ./39/798/2022)

## പരീക്ഷാ ഫലം

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി - ഇലക്ട്രോണിക്സ് (റെഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

പി.ആർ.ഒ./39/799/2022)

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം എസ് സി. മാത്തമാറ്റിക്സ് (2020 അഡ്മിഷൻ റഗുലർ /സപ്ളിമൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.പുനർമൂല്യനിർണയത്തിനും സൂക്ഷമപരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ 11 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം.

പി.ആർ.ഒ./39/800/2022)

2021 നവംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം എ പൊളിറ്റിക്കൽ സയൻസ് പി ജി സി എസ് എസ് റഗുലർ/സപ്ളിമൻററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള

അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കില്ലുള്ള ഫീസ് സഹിതം ജൂലൈ പതിനൊന്നു വരെ ഓൺലൈൻ ആയി സ്വീകരിക്കും.

(പി.ആർ.ഒ./39/801/2022)

2021 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം .എ ഹിസ്റ്ററി ( സി എസ് എസ് -2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ -സപ്പ്ളിമെന്ററി ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു..പുനർ മൂല്യ നിർണയത്തിനും ,സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370/ -,160/ - രൂപ നിരക്കില്ലുള്ള ഫീസ് സഹിതം ജൂലൈ പതിനൊന്ന് വരെ ഓൺലൈൻ ആയി സ്വീകരിക്കും.

(പി.ആർ.ഒ./39/802/2022)

ഒന്നാം സെമസ്റ്റർ എം.എസ് .സി സ്റ്റാറ്റിറ്റിക്സ് വിത്ത് ഡേറ്റ സയൻസ് ( 2020 അഡ്മിഷൻ PGCSS Regular) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു . പുനർ മൂല്യ നിർണയത്തിനും ,സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370/ -,160/ - രൂപ നിരക്കില്ലുള്ള ഫീസ് സഹിതം ജൂലൈ എട്ട് വരെ സ്വീകരിക്കും.

(പി.ആർ.ഒ./39/803/2022)

## അപേക്ഷാ തീയതി

ഒന്ന് മുതൽ നാലാം സെമസ്റ്റർ വരെയുള്ള ബി ഫാം (2016 അഡ്മിഷൻ സപളിമൻററി /2014,2015 സപ്ളിമൻററി 2011-2013 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ് 2003-2010 രണ്ടാം മേഴ്സി ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ 4 വരെയും 525 രൂപ പിഴയോട്ടു കൂടി ജൂലൈ അഞ്ച് വരെയും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി ജൂലൈ 6 നും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/804/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ